(എ) സംസ്ഥാനത്ത് എൻട്രൻസ് പരീക്ഷകളുൾപ്പെടെയുള്ള വിവിധ പരീക്ഷ മൂല്യനിർണ്ണയത്തിൽ ഉണ്ടാകുന്ന ഗുരുതരമായ പാകപ്പിഴകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങളെ കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം ഗുരുതരമായ പാകപ്പിഴകൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ നിയമിച്ച വിദഗ്ധ സമിതി നൽകിയ ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വിദഗ്ധസമിതിയുടെ ശുപാർശകൾ ഗവൺമെൻറ് അംഗീകരിച്ചുവോ;

(എഫ്) എങ്കിൽ ഇവ എന്നേയ്ക്ക് നടപ്പാക്കുമെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ചില പാകപ്പിഴകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനും കൂടുതൽ സുതാര്യവും വിശ്വാസ്യതയുമുള്ള സംവിധാനം നടപ്പാക്കുന്നതിനും വിദഗ്ധസമിതി ശുപാർകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) സമിതിയുടെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ)&(എഫ്) ശുപാർശകളിൽ 2000 മുതൽ നടപ്പാക്കേണ്ടവ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.††

മറ്റുശുപാർശകളിന്മേൽ തീരുമാനമെടുക്കുന്നതിന് മുമ്പായി അവ പരിശോധിക്കുന്നതിന് മന്ത്രിസഭ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്.

7 (*93) ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശകചട്ടങ്ങൾ

ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശക ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

---

† അനുബന്ധം – 3

†† അനുബന്ധം – 4

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്നേക്ക് ഈ നിയമനിർമ്മാണം നടത്താൻ കഴിയുമെന്നു വ്യക്തമാക്കുമോ;

(ഡി) ലാഭം ലക്ഷ്യമാക്കി വ്യക്തികളും, കുടുംബങ്ങളും നടത്തുന്ന സ്കൂളുകൾക്ക് ഹയർസെക്കണ്ടറി വിഭാഗം അനുവദിക്കാൻ ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ട്. പക്ഷേ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് ചില മാനദണ്ഡങ്ങൾ നടത്തുന്ന നിയമനിർമ്മാണം അഭിലഷണീയമാണെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഒന്നോ, രണ്ടോ വർഷത്തിനുള്ളിൽ പൂർത്തിയാകുന്ന ഈ പ്രക്രിയയ്ക്ക് പ്രത്യേകമായി ഒരു നിയമത്തിന്റെ ആവശ്യമുള്ളതായി തോന്നുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്രീഡിഗ്രി ഡീലിങ്കിംഗുമായി ബന്ധപ്പെടുത്തിയും ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്തുമാണ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത്.

8 (*94) പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം

ശ്രീ. കെ. മുഹമ്മദാലി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസ വർഷത്തെ എല്ലാ പാഠപുസ്തകങ്ങളും എല്ലാ വിദ്യാർത്ഥികൾക്കും ഇതിനകം എത്തിച്ചുകൊടുക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമെന്ത്;

(സി) ബാക്കിപുസ്തകങ്ങൾ എന്നേക്ക് ലഭ്യമാക്കാമെന്ന് കരുതുന്നു;

(ഡി) പാഠപുസ്തകങ്ങൾ അതാത് അദ്ധ്യയന വർഷം തുടങ്ങുമ്പോൾ തന്നെ ലഭ്യമാക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഇ) ഇവ ഫലപ്രദമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) നിലവിലുള്ള പാഠപുസ്തകങ്ങളിലെ തിരുത്തലുകളും പുതുതായി ഏർപ്പെടുത്തുന്ന പുസ്തകങ്ങളുടെ രചനയും അംഗീകാരവും സമയബന്ധിതമായി പൂർത്തിയാക്കി കെ.ബി.പി.എസ്സ്. കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെന്റർ, ഗവൺമെന്റ് പ്രസ്സുകൾ എന്നി

LIBRARY ARCHIVES Kerala Legislative Assembly